**Week- 4**

# Freedom From Dungeon

(തടവറയിൽ നിന്നുള്ള സ്വാതന്ത്ര്യം)




സ്വാതന്ത്ര്യം സകലർക്കുമുള്ളതാണ്.ക്രിസ്തീയ വിശ്വാസപ്രകാരം നമ്മെ പ്രതികൂലങ്ങളുടെ തടവറയിൽ നിന്ന് സ്വതന്ത്രരാക്കുവാൻ ക്രിസ്തുവിനും അവന്റെ വാക്കുകൾക്കും മാത്രമേ കഴിയുകയുള്ളൂ. ലോക മനുഷ്യൻ ഒരു ദൈവപൈതലിനെ കാണുമ്പോൾ പ്രതികൂലങ്ങളുടെ തടവ റയിലാണെന്ന് കരുതും. ശാരീരികമായി തടവറ അനുഭവമായാലും മാന സീകമായി നാം സ്വതന്ത്രരാണ്. 1927 ഫെബ്രുവരി 10ന് ജോൺ വെസ്ലി തന്റെ ജീവിതം കർത്താവിന് സമർപ്പിച്ചു. അന്ന് അദ്ദേഹം പാപം ഏറ്റുപറ ഞ്ഞപ്പോൾ മറ്റുള്ളവർ അത്ഭുതപ്പെട്ടു. പ്രസംഗം ആരംഭിച്ചപ്പോൾ മാനസി കനില തെറ്റിയവൻ എന്ന് എല്ലാവരും മുദ്രകുത്തി. പ്രസംഗം തുടർന്ന വെസ്ലിയെ സുഹൃത്തുക്കൾ മാനസികരോഗാശുപത്രിയിലാക്കി. മാനസിക രോഗികൾക്കായുള്ള തടവറയിൽ അവരോടൊപ്പം ഏകദേശം 190 ദിവസം വെസ്ലി ചിലവഴിച്ചു. ശാരീരിക അസ്വാതന്ത്ര്യത്തിലും മാനസീകസ്വാത ന്ത്ര്യവും കരുതലും ദൈവം അവന് നൽകി. കൂടെകൊണ്ടുനടക്കുവാൻ

അനുവദിച്ച വിശുദ്ധ വേദപുസ്തകം നാല്പതുപ്രാവശ്യം വായിച്ചുതീർക്കുവാൻ സാധിച്ചു. പരിശുദ്ധാത്മാവ് അവനെ ഒരുക്കി എടുക്കുവാൻ ഈ സമയം വിനിയോഗിച്ചു. ദൈവം , തന്റെ മക്കളെ തടവറയിൽ തളയ്ക്കുവാൻ സമ്മതിക്കുകയില്ല. എത്ര കാവൽ ഏർപ്പെടുത്തിയാലും , എത്ര കഠിനമായ തടവറയായാലും രക്ഷിപ്പാൻ യഹോവ ശക്തൻ തന്നെ.

പൌലോസ് താൻ ആർക്കുവേണ്ടി പീഢകൾ സഹിച്ചോ,ബന്ധനസ്ഥനായോ, അവനുവേണ്ടി കാരാഗൃഹത്തിന് പുറത്ത് ചെയ്തതുപോലെ അകത്തും വേല ചെയ്തു. ഒരിക്കൽ പോലും തന്റെ കഷ്ടതകളെപ്പറ്റി പൌലോസ് പരാതി പറഞ്ഞിട്ടില്ല. തന്റെ പ്രതികൂലങ്ങൾ സുവിശേഷത്തിന്റെ അഭിവൃദ്ധിയ്ക്ക് കാരണമാകുന്നതിൽ അദ്ദേഹം സന്തോഷിച്ചു. തടവറയിലും സഹതടവുകാരോടും അധികാരികളോടും സുവിശേഷം പറയുവാനുള്ള ആർജ്ജവം അദ്ദേഹം കാണിച്ചു. കൈസരുടെ മുമ്പിൽ നില്ക്കേണ്ടതിനായി റോമിലേക്കുള്ള കപ്പൽ യാത്രയിൽ കൊടുംകാറ്റിലും , സൂര്യനേയോ, നക്ഷത്രങ്ങളെയോ കാണുവാൻ കഴിയാത്ത അവസ്ഥയിലും കൂടെയുള്ള സഹയാത്രികർ ഭയപ്പെട്ട് ഭക്ഷണം കഴിക്കാതെ പ്രതികൂലത്തിനടിമകളായപ്പോഴും അവന്റെ മനസ്സ് സുവിശേഷം പറയുവാൻ തക്കവണ്ണം സ്വതന്ത്രമായിരുന്നു. "നിങ്ങളിൽ ആരുടേയും പ്രാണന് ഹാനി വരികയില്ല .എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു, പൌലോസേ ഭയപ്പെടരുത്" എന്ന് പറഞ്ഞു, എന്ന് പറയണമെങ്കിൽ വിശ്വാസവും മാനസീക സ്വാതന്ത്ര്യവും ഉള്ള ഒരാൾക്കേ കഴിയുകയുള്ളൂ. ഈ പ്രസ്താവന സഹയാത്രികരേയും ധൈര്യശാലികളാക്കി മാറ്റി.

സഹോദരങ്ങളേ ! നാം നേരിടുന്ന പലതരം തടവറകളാണ് രോഗം, സാമ്പത്തീക ബുദ്ധിമുട്ട്, പ്രതികൂല സംഭവങ്ങൾ , പല കാര്യങ്ങളെപ്പറ്റി ചിന്തിച്ച് ഭയപ്പെടുക മുതലായവ. ക്രിസ്തുവിനോടും അവന്റെ വചനത്തോടും നീതി പുലർത്തിയാൽ നാം മാത്രമല്ല നമ്മോടൊപ്പമുള്ളവരേയും നമുക്ക് രക്ഷിപ്പാൻ കഴിയും . പ്രതികൂലങ്ങളുടെ നടുവിൽ നിന്ന് രക്ഷപെട്ടിട്ടും അദ്ദേഹത്തിന് അണലിയുടെ കടി ഏല്ക്കുവാനിടയായി. പലരുടേയും അഭിപ്രായങ്ങൾ പുറത്തുവന്നു. ഇതൊന്നും പൌലോസിനെ ഭയത്തിന്റെ തടവറയിലാക്കിയില്ല. അണലിയുടെ പ്രശ്നത്തെ വിശ്വാസത്തോടെ കുടഞ്ഞുകളഞ്ഞു. ആരാധിച്ച് ശക്തിപ്പെടാൻ നാം ആഗ്രഹിക്കുമ്പോൾ പ്രശ്നങ്ങളാകുന്ന അണലികൾ നമ്മുടെ കൈകളിലും ചുറ്റും. വിശ്വാസത്തോടെ ധൈര്യമായി പരിശുദ്ധാത്മാവാകുന്ന അഗ്നിയിൽ

അണലികളെ കുടഞ്ഞുകളയുവാൻ ദൈവം സഹായിക്കട്ടെ. പ്രതികൂല ത്തിന്റെ തടവറയെ അങ്ങനെ നമുക്ക് തകർത്ത് സ്വതന്ത്രരാകാം.

## പ്രാർത്ഥന

സ്വർഗ്ഗീയ പിതാവേ ! അങ്ങയിൽ വിശ്വസിച്ച് പ്രതികൂലങ്ങളേയും പ്രശ്ന ങ്ങളേയും ചപ്പും ചവറുമായി കാണുവാൻ സഹായിക്കേണമേ. ധൈര്യ ത്തോടെ ആത്മീയ സ്വാതന്ത്ര്യം മറ്റുള്ളവർക്ക് നേടിക്കൊടുക്കുവാൻ കൃപ ചെയ്യേണമേ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind